# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.170** — **03/05/2017-ന് മറുപടിക്ക്**

**പി.എസ്.സി. പരീക്ഷകളുടെ ഉള്ളടക്കവും ഘടനയും പരിഷ്കരിക്കുന്നതിനുള്ള നടപടി**

**ചോദ്യം**

ശ്രീ. അനിൽ അക്കര
ശ്രീ. വി.ടി.ബൽറാം
ശ്രീ. ഹൈബി ഈഡൻ
ശ്രീ.റോജി.എം.ജോൺ

**ഉത്തരം**

ശ്രീ.പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | പി.എസ്.സി പരീക്ഷകളുടെ ഉള്ളടക്കവും ഘടനയും പരിഷ്കരിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. തെരഞ്ഞെടുപ്പ് നടത്തുന്ന തസ്തികയുടെ യോഗ്യത, ജോലി സ്വഭാവം എന്നിവയുടെ അടിസ്ഥാനത്തിലാണ് ഓരോ പരീക്ഷയുടെയും ഉള്ളടക്കവും ഘടനയും നിശ്ചയിക്കുന്നത്. അതിനുള്ള സിലബസ് തന്നെ വിവിധ മോഡ്യൂൾ ആയി തരംതിരിക്കാറുണ്ട്. കാലാകാലങ്ങളിൽ ഈ സിലബസ് പരിഷ്കരിക്കാറുണ്ട്. |
| (ബി) | പരീക്ഷ നടത്തിപ്പിലെ പരിഷ്കരണത്തിന് ഏതെങ്കിലും സമിതിയെ നിയോഗിച്ചിട്ടുണ്ടോ ; | (ബി) | ഉണ്ട്. കമ്മീഷൻ അംഗങ്ങൾ ഉൾപ്പെട്ട Academic, Examination ഉപസമിതികൾ ഇതിനായി രൂപീകരിച്ചിട്ടുണ്ട്. |
| (സി) | ഒരേ വിദ്യാഭ്യാസ യോഗ്യതയും, ഒരേ ശമ്പളവുമുള്ള തസ്തികകളിലേയ്ക്ക് വിവിധ വകുപ്പുകൾക്കു വേണ്ടി പ്രത്യേകം പ്രത്യേകം പരീക്ഷകൾ നടത്തുന്നതിന് പകരം ഏകീകൃത പരീക്ഷ നടത്തി ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്ന കാര്യം ആലോചിക്കുമോ; | (സി) | ഒരേ വിദ്യാഭ്യാസ യോഗ്യതയുള്ള തസ്തികകളിൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളവയ്ക്ക് പൊതു ഒ.എം.ആർ പരീക്ഷ നിലവിൽ കെ.പി.എസ്.സി നടത്തുന്നുണ്ട്. |
| (ഡി) | മാറുന്ന കാലത്തിനനുസൃതമായി പി.എസ്.സി യുടെ നടപടി ക്രമങ്ങൾ ലഘൂകരിച്ച് റാങ്ക് ലിസ്റ്റുകൾ കാലവിളംബം കൂടാതെ പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | നടപടി സ്വീകരിച്ചിട്ടുണ്ട്. അപേക്ഷകരുടെ എണ്ണം 1600 വരെയുള്ള തെരഞ്ഞെടുപ്പുകൾക്ക് ഓൺലൈൻ പരീക്ഷ നടത്തിവരുന്നു. പൊതുവിൽ ഗസറ്റഡ് തസ്തികകളും അദ്ധ്യാപക തസ്തികകളും ഒഴികെയുള്ള തസ്തികകളുടെ തെരഞ്ഞെടുപ്പിൽ അഭിമുഖപരീക്ഷ ഒഴിവാക്കാൻ കമ്മീഷൻ തീരുമാനിക്കാറുണ്ട്. അഭിമുഖം ഉള്ള തെരഞ്ഞെടുപ്പുകൾക്ക് |

| | | | |
|---|---|---|---|
| | | | ഒന്നിലധികം ബോർഡുകൾ ഒരേ ദിവസം കമ്മീഷന്റെ വിവിധ ഓഫീസുകളിൽ രൂപീകരിച്ച് അഭിമുഖം വേഗത്തിൽ പൂർത്തിയാക്കിവരുന്നു. ഇതു കൂടാതെ പി.എസ്.സിയുടെ വജ്രജൂബിലി ആഘോഷത്തിന്റെ പ്രഖ്യാപിത ലക്ഷ്യത്തിന്റെ ഭാഗമായി 2016 വരെയുള്ള സെലക്ഷൻ നടപടികൾ തീർപ്പാക്കുക എന്ന ലക്ഷ്യത്തോടെ വ്യത്യസ്ത കമ്മറ്റികളും വിഭാഗങ്ങളും രൂപികരിച്ച് 2012 മുതലുള്ള മുൻഗണനാക്രമത്തിൽ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ